# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

03/04/2013 - ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3119

## ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവമൂലമുള്ള കൃഷിനാശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.ഉമ്മർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവമൂലം കൃഷിനാശം സംഭവിച്ചതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ, ഇത്തരം പ്രദേശങ്ങളിൽ ശാസ്ത്രീയമായ മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികളാണു സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ; | (ബി) ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളുടെ സംരക്ഷത്തിനായുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 2012 - 2013 സാമ്പത്തിക വർഷം ഇടുക്കി, വയനാട് ജില്ലകളിൽ 35 ലക്ഷം രൂപയ്ക്കുള്ള മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ചരിവ് കൂടിയ പ്രദേശങ്ങളിൽ ഗ്രേഡഡ് ബണ്ട് നിർമ്മിക്കുക, ജലനിർഗ്ഗമന ചാലുകൾ കീറുക, സസ്യാവരണം വച്ചുപിടിപ്പിക്കുക, സംരക്ഷണഭിത്തി നിർമ്മിക്കുക, ചെക്ക് ഡാം നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങളാണ് പ്രധാനമായും നിർവ്വഹിക്കുന്നത്. 2012 - 2013 സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 78 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇടുക്കി, പത്തനംതിട്ട, മലപ്പുറം, എറണാകുളം, കോട്ടയം വയനാട് എന്നീ ജില്ലകളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതി നടപ്പാക്കുന്നുണ്ട്. |
| (സി) കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം യഥാസമയം നൽകുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) ഉണ്ട്. ഉരുൾപൊട്ടൽ / മണ്ണിടിച്ചിൽ മൂലം കൃഷി നാശം ഉണ്ടായതിന് സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എറണാകുളം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ ധനസഹായം അനുവദിക്കുന്നതിനായി ലഭിച്ചിട്ടുള്ള തുക വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ